(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കവുങ്ങു കൃഷി നടത്തി വരുന്നു;

(ബി) എത്ര കുടുംബങ്ങൾ കവുങ്ങു കൃഷികൊണ്ട് ഉപജീവനം നടത്തുന്നു;

(സി) മഞ്ഞളിപ്പുമൂലം വെട്ടിക്കളയുന്ന കവുങ്ങിന് എന്തെങ്കിലും നഷ്ട പരിഹാരം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അടയ്ക്കയുടെ വിലയിടിവുമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 97485 ഹെക്ടർ സ്ഥലത്ത് കവുങ്ങു കൃഷി ചെയ്തു വരുന്നു.

(ബി) ഏകദേശം രണ്ടുലക്ഷം കുടുംബങ്ങൾ കവുങ്ങുകൃഷി കൊണ്ട് ഉപജീവനം നടത്തുന്നു.

(സി) ഇപ്പോൾ ഇതിന് പ്രത്യേകിച്ച് പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ ഇപ്രകാരം രോഗം ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിന് ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) അടയ്ക്കയുടെ വിലയിടിവ് തടയുന്നതിനായി 30-10-2004-ലെ സർക്കാർ ഉത്തരവ് 221/04/കൃഷി പ്രകാരം കാംപ്കോ മുഖാന്തിരം അടയ്ക്ക സംഭരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

115 [433] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പിന്റെകീഴിൽ എത്ര നേഴ്സറികൾ ഉണ്ട്;

(ബി) ആവശ്യത്തിനുള്ള ഔഷധച്ചെടികൾ പതിമുഖം, രക്തചന്ദനം മുതലായവ വിതരണം ചെയ്യത്തക്കവിധം നേഴ്സറികളെ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) വിലയേറിയ ഔഷധ സസ്യങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താ�ൻ സഹായകമായ എന്തെങ്കിലും സംവിധാനം നടപ്പിലാക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടു സംസ്ഥാന വിത്തുൽപ്പാദന തോട്ടങ്ങളും ഒരു തെങ്ങിൻതൈ നഴ്സറിയും ഒരു ജില്ലാ കൃഷിത്തോട്ടവുമുൾപ്പെടെ കോഴിക്കോട് ജില്ലയിൽ നാലു ഫാമുകളാണുള്ളത്.

(ബി) സാധ്യതയുള്ള ഫാമുകളിൽ ഔഷധസസ്യച്ചെടികൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ്.

(സി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരള കർഷകൻ, ടെലിവിഷനിലൂടെയുള്ള 'കിസാൻ കൃഷി ദീപം' പരിപാടി, മറ്റും പരിശീലന പരിപാടികൾ എന്നിവവഴി ഔഷധസസ്യങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെ ആവശ്യകത, കൃഷി രീതികൾ, വാണിജ്യ പ്രാധാന്യം എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ഔഷധ കൃഷി വിപുലപ്പെടുത്തുന്നതിനും കൃഷിക്കാർക്ക് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഔഷധ കൃഷിക്ക് പ്രത്യേകമായി അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതാണ്.

കുരുമുളക് സംഭരണം

116 [434] ശ്രീ. വി. ജെ. പൗലോസ്:

,, സി. പി. മുഹമ്മദ്:

,, ടി. വി. ചന്ദ്രമോഹൻ:

,, വി. ഡി. സതീശൻ:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളക് സംഭരണം ആരംഭിച്ചുവോ; എങ്കിൽ എന്നുമുതൽ എന്ന് അറിയിക്കുമോ;

(ബി) പട്ടയം ഇല്ലാത്ത സ്ഥലങ്ങളിൽ കൃഷിയിറക്കിയവരിൽനിന്നും കുരുമുളക് സംഭരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ആരംഭിച്ചു. 14-1-2005 മുതൽ ആണ് കുരുമുളക് സംഭരണം ആരംഭിച്ചത്.

(ബി) രണ്ടു ഹെക്ടർവരെ കുരുമുളക് കൃഷിയുള്ള കർഷകരിൽനിന്നും കുരുമുളക് സംഭരണം നടത്തുന്നതിനാണ് സർക്കാർ ഉത്തരവായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly